(ബി) ഗുണ്ടാസംഘങ്ങളുടെയും അക്രമി-കുട്ടേഷൻ സംഘങ്ങളുടെയും ഭീഷണി പോലീസിനെ അറിയിച്ചിട്ടും നടപടി സ്വീകരിക്കാതെ ഇപ്രകാരം രണ്ടുജീവൻ അപഹരിക്കാൻ സാഹചര്യം ഒരുക്കിയ പോലീസിന്റെവീഴ്ച പരിഗണിച്ച് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തരമായി സാമ്പത്തിക സഹായം അനുവദിക്കുമോ ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടേയും തുടർന്നുള്ള സംഭവങ്ങളുമായും ബന്ധപ്പെട്ടുള്ള പോലീസിന്റെ അന്വേഷണത്തിൽവീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ളതിന് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്. പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

അയിരൂർ സദാശിവന്റെ കുടുംബത്തിന് ദുരിതാശ്വാസം

56 (61) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകടത്തിൽ മരണപ്പെട്ട പ്രശസ്ത സംഗീതജ്ഞനായ സംഗീതനാടക അക്കാദമി പുരസ്കാരം നേടിയ അയിരൂർ സദാശിവന്റെ കുടുംബത്തിന് ദുരിതാശ്വാസം അനുവദിക്കുന്നതിന് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് അറിയിക്കാമോ ;

(സി) സമയബന്ധിതമായി പ്രസ്തുത നിവേദനത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വാഹനാപകടത്തിൽ മരണപ്പെട്ട സംഗീതജ്ഞനായ അയിരൂർ സദാശിവന്റെ കുടുംബത്തിന് ദുരിതാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച് അപേക്ഷയൊന്നും തന്നെ സർക്കാരിൽ ലഭ്യമായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly